Passed on 14-06-2012

# 2012-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (രണ്ടാം ഭേദഗതി) ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

## 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

## ബിൽ

പീഠിക.—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റ് ഇനി പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അറുപത്തിമൂന്നാം സംവത്സരത്തിൽ ഇനി പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2012-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2011 ഡിസംബർ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 17-ാം വകുപ്പിന്റെ ഭേദഗതി.—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിലെ (1986-ലെ 31) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 17-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ,—

(എ) (viii)-ാം ഇനത്തിൽ "ഒരാൾ അദ്ധ്യാപകനുമായിരിക്കേണ്ടതാണ്" എന്ന വാക്കുകൾക്ക് പകരം "ഒരാൾ 19-ാം വകുപ്പിൽ 'തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ' എന്ന ശീർഷകത്തിൻകീഴിൽ (v)-ാം ഇനപ്രകാരം സെനറ്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ഒരു സർവ്വകലാശാലാ പ്രൊഫസറും ആയിരിക്കേണ്ടതാണ്" എന്ന വാക്കുകളും അക്കങ്ങളും ബ്രാക്കറ്റും ചേർക്കേണ്ടതാണ് ;

(ബി) (xiv)-ാം ഇനത്തിനുപകരം ഇനി പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(xiv) സെനറ്റിലെ വിദ്യാർത്ഥി പ്രതിനിധികളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വിദ്യാർത്ഥി.";

(ii) (2)-ാം ഉപവകുപ്പിൽ,—

(എ) "അർഹരായിരിക്കുന്നതല്ലാത്തതുമാകുന്നു" എന്ന വാക്കുകൾക്കുപകരം "അർഹരായിരിക്കുന്നതും ആകുന്നു" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

KNPP. 672/2012.

(ബി) രണ്ടാം ക്ലിപ്ത നിബന്ധനയ്ക്കുപകരം ഇനി പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നുമാത്രമല്ല 17-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾക്ക് സർക്കാരിന് ഇഷ്ടമുള്ളിടത്തോളംകാലം തങ്ങളുടെ ഔദ്യോഗികസ്ഥാനം വഹിക്കാവുന്നതാണ്.".

3. 19-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 19-ാം വകുപ്പിൽ,—

(i) 'എക്സ്-ഒഫീഷ്യോ അംഗങ്ങൾ' എന്ന ശീർഷകത്തിൻകീഴിൽ ഇനം (v)-ൽ "കൊച്ചി മേയർ" എന്ന വാക്കുകൾക്കുപകരം "കൊച്ചി മേയറും കളമശ്ശേരി മുനിസിപ്പാലിറ്റിയുടെ ചെയർപേഴ്സണും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ് ;

(ii) 'മറ്റ് അംഗങ്ങൾ' എന്ന ശീർഷകത്തിൻകീഴിൽ,—

(എ) (iv)-ാം ഇനത്തിനുപകരം ഇനി പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത് :—

"(iv) ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ആറ് വിദഗ്ദ്ധർ, അവരിൽ ഒരാൾ പട്ടികജാതി/പട്ടികഗോത്ര വർഗ്ഗത്തിൽ നിന്നുള്ള ആളും ഒരാൾ വനിതയും ആയിരിക്കേണ്ടതാണ്." ;

(ബി) (iv)-ാം ഇനത്തിനുശേഷം ഇനി പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾക്ക് സർക്കാരിന് ഇഷ്ടമുള്ളിടത്തോളംകാലം തങ്ങളുടെ ഔദ്യോഗികസ്ഥാനം വഹിക്കാവുന്നതാണ്.";

(സി) (v)-ാം ഇനം വിട്ടുകളയേണ്ടതാണ്.

4. പ്രത്യേക വ്യവസ്ഥ.—പ്രധാന ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിൽ, പ്രധാന ആക്റ്റിലെ 17-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ (viii)-ഉം (xiv)-ഉം ഇനങ്ങൾ പ്രകാരവും 19-ാം വകുപ്പിലെ 'മറ്റ് അംഗങ്ങൾ' എന്ന ശീർഷകത്തിൻകീഴിൽ (iv)-ഉം (v)-ഉം ഇനങ്ങൾപ്രകാരവും ഔദ്യോഗിക സ്ഥാനത്തേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള നിലവിലുള്ള അംഗങ്ങൾ ഔദ്യോഗിക സ്ഥാനം വഹിക്കുന്നത് ഈ ആക്റ്റിലെ വ്യവസ്ഥകൾപ്രകാരം അവസാനിക്കുന്നതാണ്.

5. റദ്ദാക്കലും ഒഴിവാക്കലും.—(1) 2012-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് (2012-ലെ 24) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽതന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്ത പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.